## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3127** **19.06.2018 ൽ മറുപടിയ്ക്ക്**

# കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കേരഗ്രാമം പദ്ധതി

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | മറുപടി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | എ) കാർഷിക മേഖലയുടെ സുസ്ഥിര വികസനവും കർഷക ക്ഷേമവും മുൻനിർത്തി കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 2018-2019 സാമ്പത്തിക വർഷം നടപ്പിലാക്കിക്കൊണ്ടിരുന്ന വികസന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. <u>നാളികേര വികസന പദ്ധതി 2018-2019.</u><br>(a) റീപ്ലാന്റിംഗ് & റെജുവനേഷൻ ഓഫ് കോക്കനട്ട് ഗാർഡൻസ്- CDB പദ്ധതി.<br>(b) അത്യുല്പാദനശേഷിയുള്ള ഇടത്തരം പൊക്കമുള്ള (Semitall) തെങ്ങുകളുടെയും കുറിയ ഇനം തെങ്ങുകളുടെയും പ്രദർശന തോട്ടം.<br>2. <u>സമഗ്ര നെൽകൃഷി വികസന പദ്ധതി</u><br>സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാം വിളയിൽ തന്നെ 259 ഹെക്ടർ വിസ്തൃതിയിൽ സുസ്ഥിര നെൽകൃഷി വികസനം നടപ്പിലാക്കി വരുന്നു. രണ്ടാം വിളയായി 132 ഹെക്ടർ വിസ്തൃതിയും മൂന്നാം വിളയായി (പുഞ്ച കൃഷി) 130 ഹെക്ടർ വിസ്തൃതിയിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 219 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷിയും 30 ഹെക്ടറിൽ , തരിശുനില കൃഷി പ്രാവർത്തികമാക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ഇതിനു പുറമെ തൊടിയൂർ ആര്യൻപാടം, മാലുമേൽ പുഞ്ച എന്നീ പ്രദേശങ്ങളിൽ നെൽകൃഷി വികസനത്തിനായി |

ഓണാട്ടുകര വികസന ഏജൻസിയുടെ സഹകരണത്തോടെ തഴവ, വട്ടക്കായൽ, നെൽകൃഷി മാതൃകയിൽ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

3. <u>പച്ചക്കറി വികസന പദ്ധതി</u>

പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷം ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിപ്രകാരം 35,000 പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും 41800 പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ കൃഷിഭവൻ മുഖേനയും വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ പച്ചക്കറി വികസന പദ്ധതി പ്രകാരം കുലശേഖരപുരം പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ബ്ലോക്ക്തല നഴ്സറി മുഖേന 50,000 പച്ചക്കറിതൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. അതോടൊപ്പം 3750 എണ്ണം ഗ്രോബാഗുകളിൽ മിശ്രിതം നിറച്ച് പച്ചക്കറിതൈ ഉൾപ്പെടെ കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. <u>എള്ള് കൃഷി വ്യാപനം</u>

പ്രസ്തുത പദ്ധതി പ്രകാരം 160 ഹെക്ടർ സ്ഥലത്ത് എള്ള് കൃഷി വ്യാപിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 5000 രൂപ നിരക്കിൽ ആകെ 8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

5. <u>വിള പരിപാലന പദ്ധതി</u>

ടി പദ്ധതി പ്രകാരം കുലശേഖരപുരം, തൊടിയൂർ കൃഷിഭവനുകളിൽ ഓരോ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ പ്രസ്തുത കൃഷിഭവനുകളിൽ 10 കർഷകരെ വീതം ഉൾപ്പെടുത്തി ഓരോ പെസ്റ്റ് സർവയലൻസ് ഗ്രൂപ്പുകളും പ്രവർത്തിച്ചുവരുന്നു.

6. <u>സോയിൽ ആന്റ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ്</u>

പദ്ധതി പ്രകാരം നാളിതുവരെ 5,49,750 രൂപ ഓച്ചിറ എ.ഡി.എ ഓഫീസിന് വിവിധ ഘടകങ്ങളായി അനുവദിച്ചു.

7. <u>കാർഷിക വിജ്ഞാന വ്യാപനം</u>

വിവിധ പദ്ധതികളിലായി ആത്മ, കർഷക സഭ,

ഞാറ്റുവേല ചന്ത, സമ്മിശ്രിതകൃഷി മാതൃകകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

8. ജൈവകൃഷി വികസനം

25 ഹെക്ടർ സ്ഥലത്ത് സമ്പൂർണ്ണ ജൈവകൃഷി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

9. കർഷകർക്കുള്ള സൗജന്യ വൈദ്യുതി

പദ്ധതി പ്രകാരം നാളിതുവരെ 378000 രൂപ അനുവദിച്ചു.

10. കർഷക പെൻഷൻ

1,86,66,600 രൂപ മെയ് മാസം വരെ 2253 കർഷകർക്ക് വിതരണം ചെയ്തു.

ബി) കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങളിൽ തുടർപ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദീകരിക്കുമോ;

ബി) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ആലപ്പാട്ട് പഞ്ചായത്തിലാണ് കേരഗ്രാമം പദ്ധതി 2017-2018 വർഷം നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച വാർഡ്തല ക്ലസ്റ്ററുകളും പഞ്ചായത്തുതല കേരസൊസൈറ്റിയും നിലവിലും സജീവമായി പ്രവർത്തിച്ചുവരുന്നു. കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഇടവിളകൃഷി, തെങ്ങുകയറ്റ യന്ത്രങ്ങളുടെ ഉപയോഗം എന്നിവയിൽ പ്രസ്തുത സമിതികളും കൃഷിഭവനും സജീവമായി ഇടപെട്ടുവരുന്നു.

1) കേരഗ്രാമം പദ്ധതിയിൽ നടപ്പിലാക്കിയ കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷി പുരോഗമിച്ചു വരുന്നു.
2) കേരഗ്രാമം പദ്ധതി പ്രകാരം നടപ്പിലാക്കിയ മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് മുഖാന്തിരം മണ്ണിര കമ്പോസ്റ്റ് ഉല്പാദനം നടന്നുവരുന്നു.
3) കേരഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച തെങ്ങിൻതൈ നഴ്സറിയിലൂടെ നല്ലയിനം തെങ്ങിൻതൈ കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു.
4) 2017-2018 വർഷം അനുവർത്തിച്ച സംയോജിത വിളപരിപാലന മുറകൾ തുടരുവാനുള്ള പ്രേരണയും കർഷകർക്ക് നൽകുന്നുണ്ട്.

സി) 2018-19-ൽ കേരഗ്രാമം പദ്ധതിയ്ക്കു വേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത് ഏത് ഗ്രാമപഞ്ചായത്തിനെയാണെന്നും എന്തെല്ലാം ആനുകൂല്യങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വിശദീകരിക്കുമോ?

സി) 2018-2019 വർഷം പുതുതായി 79 കേരഗ്രാമങ്ങൾ തിരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കേരഗ്രാമങ്ങളുടെ പട്ടിക തയ്യാറാക്കൽ അന്തിമമായിട്ടില്ല.

ഒരു കേരഗ്രാമത്തിന് പദ്ധതി വിഹിതമായി 50.17 ലക്ഷം രൂപയോടൊപ്പം ജനകീയാസൂത്രണ വികസന പ്ലാൻ ഫണ്ടിൽ നിന്നും 22.50 ലക്ഷം രൂപയും, നാളികേരാധിഷ്ഠിത മൂല്യവർദ്ധന സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യത്തിൽ നിന്നും പ്രയോജനപ്പെടുത്തി നാളികേര കൃഷിയുടെ ഉന്നമനത്തിനായി ആകെ 97.67 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ലക്ഷ്യമാക്കുക എന്ന ഉദ്ദേശ്യത്തോടു കൂടി പദ്ധതി ഘടന പുതുക്കിയാണ് 2018-19 വർഷം പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

Mayal

**സെക്ഷൻ ഓഫീസർ**